പത്രക്കുറിപ്പ് **(24.07.2024)**

ഐ.ഡി.എസ്.എഫ്.എഫ്.കെ:
ഡെലിഗേറ്റ് കിറ്റ് വിതരണം നാളെ മുതൽ

കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി 2024 ജൂലൈ 26 മുതൽ 31 വരെ സംഘടിപ്പിക്കുന്ന 16ാമത് ഐ.ഡി.എസ്.എഫ്.എഫ്.കെയുടെ ഡെലിഗേറ്റ് കിറ്റ് വിതരണം നാളെ ആരംഭിക്കും. ജൂലൈ 25 വ്യാഴാഴ്ച വൈകുന്നേരം 5.30 കൈരളി തിയേറ്റർ പരിസരത്ത് നടക്കുന്ന ചടങ്ങിൽ ചീഫ് സെക്രട്ടറി ഡോ. വി. വേണു ആദ്യ പാസ് യുവനടി അനഘ മായാ രവിക്ക് നൽകി ഉദ്ഘാടനം നിർവഹിക്കും. ജിയോബേബി സംവിധാനം ചെയ്ത 'കാതൽ' എന്ന ചിത്രത്തിൽ മമ്മൂട്ടിയുടെ മകളുടെ കഥാപാത്രത്തെ അവതരിപ്പിച്ച് ശ്രദ്ധേയയായ നടിയാണ് അനഘ.

ചടങ്ങിനുശേഷം, രജിസ്ട്രേഷൻ പൂർത്തിയാക്കിയവർക്കുള്ള കിറ്റുകൾ കൈരളി തിയേറ്റർ പരിസരത്ത് സജ്ജീകരിച്ച ഡെലിഗേറ്റ് സെല്ലിൽനിന്നും വിതരണം ചെയ്യും. ആറു ദിവസങ്ങളിലായി നടക്കുന്ന മേളയിൽ ഡോക്യുമെന്ററി, ഹ്രസ്വചിത്ര വിഭാഗങ്ങളിലായി 335 ചിത്രങ്ങൾ പ്രദർശിപ്പിക്കും.

പത്രക്കുറിപ്പ് **(24.07.2024)**

ഐ.ഡി.എസ്.എഫ്.എഫ്.കെ:
ജൂറി അധ്യക്ഷരായി
രാകേഷ് ശർമ്മയും ഉർമി ജുവേക്കറും

16ാമത് ഐ.ഡി.എസ്.എഫ്.എഫ്.കെയിലെ കഥേതര വിഭാഗം ജൂറി ചെയർമാൻ ആയി അന്താരാഷ്ട്ര തലത്തിൽ ശ്രദ്ധേനായ ഡോക്യുമെന്ററി സംവിധായകൻ രാകേഷ് ശർമ്മയും കഥാവിഭാഗം ജൂറി ചെയർപേഴ്സൺ ആയി തിരക്കഥാകൃത്തും സംവിധായികയുമായ ഉർമി ജുവേക്കറും പ്രവർത്തിക്കും.

രാകേഷ് ശർമ്മ ഗുജറാത്ത് വംശഹത്യയെക്കുറിച്ചുള്ള 'ഫൈനൽ സൊല്യൂഷൻ' എന്ന ഡോക്യുമെന്ററിയിലൂടെ 2005ലെ ദേശീയ അവാർഡിൽ മികച്ച കഥേതര ചിത്രത്തിനുള്ള പ്രത്യേക ജൂറി പുരസ്കാരം നേടിയിരുന്നു. ബെർലിൻ, ഹോങ്കോങ്, സാൻസിബാർ ഫെസ്റ്റിവലുകൾ ഉൾപ്പെടെ നിരവധി അന്താരാഷ്ട്ര മേളകളിൽ ഈ ചിത്രം പുരസ്കാരങ്ങൾ വാരിക്കൂട്ടിയിരുന്നു. ശ്യാം ബെനഗലിന്റെ 'ഭാരത് ഏക് ഖോജ്'ന്റെ സംവിധാന സഹായിയായി ടെലിവിഷൻ കരിയർ തുടങ്ങിയ രാകേഷ് ശർമ്മ ചാനൽ വി, സ്റ്റാർ പ്ളസ് ഇന്ത്യ തുടങ്ങിയ ടെലിവിഷൻ ചാനലുകൾക്ക് തുടക്കമിടുന്നതിൽ നിർണായകപങ്കുവഹിച്ചു. അദ്ദേഹത്തിന്റെ 'ആഫ്റ്റർ ഷോക്സ്: ദ റഫ് ഗൈഡ് റ്റു ഡെമോക്രസി' എന്ന ഡോക്യുമെന്ററി നൂറോളം അന്താരാഷ്ട്രമേളകളിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.

മികച്ച ജനപ്രിയ ചിത്രത്തിനുള്ള ദേശീയ അവാർഡ് നേടിയ 'ഒയേ ലക്കി ലക്കി ഒയേ', മികച്ച ഹിന്ദി ചിത്രത്തിനുള്ള ദേശീയ അവാർഡും ഐ.എഫ്.എഫ്.കെയിൽ നെറ്റ് പാക് അവാർഡും നേടിയ 'ഐ ആം' എന്നീ ചിത്രങ്ങളുടെ തിരക്കഥാകൃത്താണ് ഉർമി ജുവേക്കർ. നിരൂപകപ്രശംസ നേടിയ 'ലവ് സെക്സ് ഔർ ദോഖാ' എന്ന ചിത്രത്തിന്റെ ക്രിയേറ്റിവ് പ്രൊഡ്യൂർ ആയി പ്രവർത്തിച്ചിട്ടുള്ള ഉർമി ഷാങ്ഹായ്, ഡിറ്റക്ടീവ് ബ്യോംകേഷ് ബക്ഷി എന്നീ ചിത്രങ്ങൾക്കും തിരക്കഥയൊരുക്കിയിട്ടുണ്ട്. 'ദ ഷില്ളോംഗ് ചേംബർ കൊയർ ആന്റ് ദ ലിറ്റിൽ ഹോം സ്കൂൾ' എന്ന ഡോക്യുമെന്ററി സംവിധാനം ചെയ്ത ഉർമി നെറ്റ്ഫ്ളിക്സിലെ 'ലൈല' എന്ന വെബ്സീരീസിന്റെ ക്രിയേറ്ററുമായിരുന്നു.

കഥേതര വിഭാഗത്തിൽ ഫിലിം എഡിറ്റർ ജബീൻ മെർച്ചന്റ്, സംവിധായകനും എഡിറ്ററുമായ പങ്കജ് ഋഷികുമാർ എന്നിവർ അംഗങ്ങളാണ്. ഇരുവരും പൂനെ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് ബിരുദം നേടിയിട്ടുണ്ട്. ജബീൻ മെർച്ചന്റ് 'ലാപതാ ലേഡീസ്', 'എൻ.എച്ച് 10', 'മനോരമ സിക്സ് ഫീറ്റ് അണ്ടർ', 'ഷൂബോക്സ്' തുടങ്ങിയ സിനിമകൾക്കും

ദീപ ധൻരാജ്, ശബ്നം സുഖ്ദേവ്, പരോമിത വോറ, സുരഭി ശർമ്മ എന്നിവരുടെ ഡോക്യുമെന്ററികൾക്കും വേണ്ടി എഡിറ്റിംഗ് നിർവഹിച്ചിട്ടുണ്ട്. പങ്കജ് ഋഷികുമാർ ശേഖർ കപൂറിന്റെ 'ബാൻഡിറ്റ് ക്വീനി'ൽ അസിസ്റ്റന്റ് എഡിറ്ററായിരുന്നു. ആദ്യ ചിത്രമായ 'കുമാർ ടാക്കീസി'നുശേഷം ഇൻ ഗോഡ്സ് ലാന്റ്, സീഡ്സ് ഓഫ് ഡിസെന്റ്, ദ വോട്ട് തുടങ്ങിയ ചിത്രങ്ങളുടെ നിർമ്മാണം, സംവിധാനം, എഡിറ്റിംഗ്, ഛായാഗ്രഹണം എന്നിവ നിർവഹിച്ചു.

സംവിധായകരായ പുഷ്പേന്ദ്ര സിംഗ്, കൃഷാന്ദ് ആർ.കെ എന്നിവരാണ് കഥാവിഭാഗം ജൂറിയിലെ മറ്റ് അംഗങ്ങൾ. ബെർലിൻ മേളയിൽ ആദ്യപ്രദർശനം നടത്തിയ 'ഷെപേർഡസ് ആന്റ് ദ സെവൻ ഡോഗ്സ്' എന്ന പുഷ്പേന്ദ്ര സിംഗിന്റെ ചിത്രം ഹോങ്കോങ് ഫെസ്റ്റിവലിൽ മികച്ച സംവിധാനത്തിനുള്ള അവാർഡ് നേടിയിരുന്നു. ടൊറൻ്റോ, മോൺട്രിയൽ തുടങ്ങി നിരവധി അന്താരാഷ്ട്ര മേളകളിൽ പ്രദർശിപ്പിക്കപ്പെട്ട ഈ ചിത്രത്തെ 2020ലെ ഏറ്റവും മികച്ച ചിത്രമായി അമേരിക്കയിലെ 'വീക്ക്' മാഗസിൻ തെരഞ്ഞെടുക്കുകയുണ്ടായി. അശ്വത്ഥാമാ, പേൾ ഓഫ് ദ ഡെസർട്ട് എന്നിവയാണ് അദ്ദേഹത്തിന്റെ മറ്റ് ശ്രദ്ധേയ ചിത്രങ്ങൾ.

മികച്ച പരിസ്ഥിതി ചിത്രത്തിനുള്ള ദേശീയ അവാർഡ്, മികച്ച ചിത്രം, മികച്ച തിരക്കഥ എന്നിവയ്ക്കുള്ള കേരള സംസ്ഥാന ചലച്ചിത്ര അവാർഡ്, ഐ.എഫ്.എഫ്.കെയിൽ നെറ്റ്പാക്, ഫിപ്രസ്കി അവാർഡുകൾ എന്നിവ നേടിയ 'ആവാസവ്യൂഹ'ത്തിന്റെ സംവിധായകനാണ് കൃഷാന്ദ്. ഐ.എഫ്.എഫ്.കെ മൽസരവിഭാഗത്തിലേക്കു തെരഞ്ഞെടുക്കപ്പെട്ട 'വൃത്താകൃതിയിലുള്ള ചതുരം', പുരുഷപ്രേതം എന്നിവയാണ് അദ്ദേഹത്തിന്റെ മറ്റു ചിത്രങ്ങൾ.

പത്രക്കുറിപ്പ് **(24.07.2024)**

**ഐ.ഡി.എസ്.എഫ്.എഫ്.കെ;**
**ജൂറി വിഭാഗത്തിൽ ആറു ചിത്രങ്ങൾ**

16ാമത് രാജ്യാന്തര ഡോക്യുമെന്ററി, ഹ്രസ്വചിത്രമേളയിൽ ജൂറി അംഗങ്ങളുടെ ആറു ചിത്രങ്ങൾ പ്രദർശിപ്പിക്കും. കഥേതര വിഭാഗം ജൂറി ചെയർമാൻ രാകേഷ് ശർമ്മയുടെ 'ഫൈനൽ സൊല്യൂഷൻ', കഥാവിഭാഗം ജൂറി ചെയർപേഴ്സൺ ഉർമി ജുവേക്കറിന്റെ ദ ഷില്ലോംഗ് ചേംബർ കൊയർ ആന്റ് ദ ലിറ്റിൽ ഹോം സ്കൂൾ, മറ്റ് ജൂറി അംഗങ്ങളായ പങ്കജ് ഋഷി കുമാറിന്റെ 'കുമാർ ടാക്കീസ്', പുഷ്പേന്ദ്ര സിംഗിന്റെ പേൾ ഓഫ് ദ ഡെസർട്ട്, കൃഷാന്ദിന്റെ 'ഭവഗതിക്കാവിലെ പാപികൾ, ജെബീൻ മർച്ചന്റ് എഡിറ്റിംഗ് നിർവഹിച്ച 'അൺലിമിറ്റഡ് ഗേൾസ്' എന്നീ ചിത്രങ്ങളാണ് പ്രദർശിപ്പിക്കുന്നത്.

2002ലെ ഗുജറാത്ത് കലാപവും അതിന്റെ അനന്തരഫലങ്ങളും രേഖപ്പെടുത്തിക്കൊണ്ട്, ഇന്ത്യയിലെ വലതുപക്ഷ രാഷ്ട്രീയത്തിന്റെ ഉയർച്ചയും വേരോട്ടവും പരിശോധിക്കുന്ന രാകേഷ് ശർമയുടെ 'ഫൈനൽ സൊല്യൂഷൻ '. 2004-ല് പുറത്തിറങ്ങിയ ഈ ഡോക്യുമെന്ററി പ്രതിഷേധങ്ങളെല്ലാം തരണം ചെയ്ത് മികച്ച നോൺ ഫീച്ചർ ചിത്രത്തിനുള്ള ദേശീയ പുരസ്കാരം നേടിയിരുന്നു.

ഉർമി ജുവേകറിന്റെ ഹിന്ദി ഡോക്യുമെന്ററി ' ദി ഷില്ലോങ് ചേംബർ കൊയർ ആൻഡ് ദി ലിറ്റിൽ ഹോം സ്കൂൾ ' പ്രശസ്ത കച്ചേരി പിയാനിസ്റ്റായ നീൽ നോങ്കിന്റി ഷില്ലോങ്ങിൽ ആരംഭിച്ച ഒരു ചേംബർ ഗായകസംഘത്തെയും അതിന്റെ വളർച്ചയെയും കാണിക്കുന്നു. പുഷ്പേന്ദ്ര സിങിന്റെ 'പേൾ ഓഫ് ദി ഡെസർട്ട്' താർ മരുഭൂമിയിലെ ഗ്രാമത്തിൽനിന്നും വിദേശത്തേക്കുപോയി തങ്ങളുടെ പാരമ്പര്യവും സംഗീതവും പ്രചരിപ്പിക്കുന്ന ഒരു വ്യക്തിയെക്കുറിച്ചുള്ള ഡോക്യുമെന്ററിയാണ്. സ്ത്രീപക്ഷവാദത്തെക്കുറിച്ചുള്ള ഒരു ദൃശ്യപ്രസ്താവനയാണ് കഥ, കഥേതര സങ്കേതങ്ങൾ സമന്വയിപ്പിച്ച 'അൺലിമിറ്റഡ് ഗേൾസ്.'

മലയാളി സംവിധായകൻ കൃഷാന്ദിന്റെ ഹ്രസ്വചിത്രം ' ഭഗവതിക്കാവിലെ പാപികൾ (സിന്നേഴ്സ് അറ്റ് ദ ഗോഡസ് അബോഡ്)'' ഈ വിഭാഗത്തിൽ പ്രദർശനത്തിനെത്തും. ഒരു പോലീസുകാരനും നിരീശ്വരവാദിയായ ഒരു രാഷ്ട്രീയ പ്രവർത്തകനുമിടയിൽ ഒരു ബന്ധനസ്ഥയായ ദേവത കടന്നുവരുന്നതും തുടർന്നുനടക്കുന്ന സംഭവവികാസങ്ങളുമാണ്

ഈ പത്തുമിനിറ്റ് ഹ്രസ്വചിത്രത്തിന്റെ ഇതിവൃത്തം . മതം, സാമൂഹിക-രാഷ്ട്രീയ മാറ്റങ്ങൾ, ദൈവങ്ങൾ എന്നിവയെക്കുറിച്ചുള്ള ഒരു ഹ്രസ്വ സംഭാഷണം കൂടിയാണ് ഈ ചിത്രം.

പത്രക്കുറിപ്പ് **(24.07.2024)**

മേളയിൽ **34** ഡോക്യുമെന്ററികൾ മത്സരത്തിന്

ജൂലൈ 26 മുതൽ 31 വരെ തിരുവനന്തപുരത്ത് നടക്കുന്ന പതിനാറാമത് ഐ.ഡി.എസ്.എഫ്.എഫ്.കെയുടെ മൽസരവിഭാഗത്തിൽ 34 ഡോക്യുമെന്ററികൾ മാറ്റുരയ്ക്കും. 22 ഹ്രസ്വ ഡോക്യുമെന്ററികളും, 12 ദീർഘ ഡോക്യുമെന്ററികളും ഇതിൽ ഉൾപ്പെടുന്നു.

ലോങ്ങ് ഡോക്യുമെന്ററി വിഭാഗത്തിൽ മത്സരത്തിനെത്തുന്ന 12 ഡോക്യുമെന്ററികൾ ഇവയാണ് ; നിർമൽ ചന്ദർ ദന്ദ്രിയാൽ -ന്റെ 6- എ ആകാശ് ഗംഗ, രൺജിത് റേ -യുടെ പുതുൽനാമ (ഡോൾസ് ഡോണ്ട് ഡൈ), നിഷ്താ ജെയിൻ ,ആകാശ് ബസുമതരി എന്നിവർ ചേർന്ന് സംവിധാനം ചെയ്ത - ഫാമിങ് ദി റിവൊല്യൂഷൻ, അനുപമ ശ്രീനിവാസൻ -അനിർബൻ ദത്ത കൂട്ടുകെട്ടിലെ ഫ്ലിക്കറിങ് ലൈറ്റ്സ്, ദേബാങ്കൻ സിംഗ് സോളങ്കി യുടെ മിട്ടി കിതാബ് സെ ചാർ കഥയെ (ഫോർ ടൈൽസ് ഫ്രം ബ്ലക്ക് എർത്ത് ), മേഘ്നാഥ് ഭട്ടാചാര്യ യുടെ ഇൻ സെർച്ച് ഓഫ് അജൻടിക്, രംഗൻ ചക്രവർത്തിയുടെ നോ സിറ്റി ഫോർ വിമൻ, സുമൻ ഘോഷ് സംവിധാനം ചെയ്ത പരമ - എ ജേർണി വിത്ത് അപർണ സെൻ, ഹർഷിൽ ഭാനുഷാലി യുടെ പിക്ചറിംഗ് ലൈഫ്, ആനന്ദ് പട്വർദ്ധൻ സംവിധാനം ചെയ്ത വസുധൈവ കുടുംബകം, ലളിത് വചനിയുടെ കൈതി നമ്പർ 626710 ഹാസിർ ഹൈ (പ്രിസണർ നമ്പർ 626710 ഈസ് പ്രെസെന്റ് ) എന്നിവയാണ്. ഈ വിഭാഗത്തിൽ മത്സരത്തിനെത്തുന്ന ഏക മലയാളം ഡോക്യുമെന്ററി ഡോ രാജേഷ് ജെയിംസിന്റെ `സ്ലേവ്സ് ഓഫ് ദി എമ്പയർ ' ആണ്.
ഷോർട്ട് ഡോക്യുമെന്ററി വിഭാഗത്തിലുള്ള 22 ചിത്രങ്ങൾ ലിംഗസമത്വം, ജാതി വിവേചനം, വിവിധ മേഖലകളിലെ വ്യക്തികളുടെ ജീവിതാഖ്യാനങ്ങൾ എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നവയാണ്. ഈ വിഭാഗത്തിൽ രണ്ട് മലയാള ചിത്രങ്ങളുണ്ട്.

പത്രക്കുറിപ്പ് **(24.07.2024)**

ഷോർട്ട് ഫിക്ഷൻ മത്സരവിഭാഗത്തിൽ **30** ചിത്രങ്ങൾ

കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി 2024 ജൂലൈ 26 മുതൽ 31 വരെ സംഘടിപ്പിക്കുന്ന 16മത് ഐ.ഡി.എസ്.എഫ്.എഫ്.കെയിൽ ഷോർട്ട് ഫിക്ഷൻ മത്സര വിഭാഗത്തിൽ 30 ചിത്രങ്ങൾ മാറ്റുരയ്ക്കും. വിവിധ ഇന്ത്യൻ ഭാഷകളിൽ നിന്നായി നിരവധി പ്രതിഭാധനരായ സംവിധായകരുടെ ഹ്രസ്വചിത്രങ്ങളാണ് മൽസരരംഗത്തുള്ളത്.

മലയാളം, തമിഴ് ,കന്നഡ തുടങ്ങി ദക്ഷിണേന്ത്യൻ ഭാഷകളിലെയും ഹിന്ദി ,ബംഗാളി , മറാത്തി പോലെ എല്ലാ പ്രമുഖ ഇന്ത്യൻ ഭാഷകളിലെയും ചിത്രങ്ങൾ മത്സരരംഗത്തുണ്ട്. ഏഴ് മലയാള ചിത്രങ്ങളാണ് ഈ വിഭാഗത്തിൽ മത്സരിക്കുക. അനിമേഷൻ ചിത്രങ്ങളായ 'ലക്കി ഡോഗ്ഗ്' , 'യൂണികോൺ ലേഡിയും' ഈ വിഭാഗത്തിലുൾപ്പെടുന്നു. മത്സര വിഭാഗത്തിലെ എല്ലാ ചിത്രങ്ങളും കൈരളി തിയറ്ററിലാണ് പ്രദർശിപ്പിക്കുക.

**PRESS RELEASE (24.07.2024)**

## IDSFFK delegate kits to be distributed from tomorrow

The much-anticipated distribution of delegate kits and passes for the 16th International Documentary and Short Film Festival of Kerala (IDSFFK) will commence at 5.30 pm on July 25 at the Kairali Sree Nila theatre complex, Thampanoor.
Chief secretary of Kerala Dr. V Venu will hand over the first delegate pass to actor Anagha Maya Ravi, who gained recognition with her performance in Jeo Baby's 'Kaathal The Core' (2023). Following this inaugural distribution, the festival kits will be available for all registered delegates at the Kairali theatre.
Delegates are encouraged to visit the complex to collect their passes and kits and ensure they have everything they need to enjoy the diverse array of documentaries and short films to be showcased at this year's festival, which will run from July 26 to 31.

**PRESS RELEASE (24.07.2024)**

## Six-member jury to grace 16th IDSFFK

The 16th International Documentary and Short Film Festival of Kerala (IDSFFK) is all set to commence on July 26, 2024, and the jury that will be judging the films in the competition sections this year consists of six stalwarts from the world of documentary and fiction films.

The esteemed jury in the non-fiction category comprises filmmaker Rakesh Sharma, who will act as the chairman, film editor Jabeen Merchant and filmmaker Pankaj Rishi Kumar. In the fiction category, Urmi Juvekar will chair the team which also includes filmmakers Pushpendra Singh and Krishand R K.
Rakesh Sharma is an internationally-acclaimed filmmaker, best known for his award-winning documentary 'Final Solution' (2004) on the violence and carnage in Gujarat. Rakesh began his career as assistant director on Shyam Benegal's Bharat Ek Khoj. He has received many international awards, including the Special Jury Award (Netpac) at the Berlin International film festival, 2004.
Jabeen Merchant is a film editor trained at the Film and Television Institute of India (FTII), Pune, and has wide experience in both independent and mainstream film industries. She has edited a diverse range of feature films, the most recent being Laapata Ladies (2023). She has worked on commercial thrillers such as 'NH10' (2015) and 'Manorama Six Feet Under' (2007) and art-house films such as 'Kadvi Hawa' (2017) and 'The Sweet Requiem' (2018). She also teaches, consults on scripts, and occasionally writes on cinema.
Pankaj Rishi Kumar also got trained in editing at FTII and often works as a free-spirited one-man crew, producing, directing, shooting and editing his own films. He was assistant editor for Shekhar Kapur's 'Bandit Queen' (1994) and his first feature 'Kumar Talkies' (2000) was well received for its distinct style. He has won several awards and grants, and is also a well-known film curator and teacher.

Urmi Juvekar is a screenwriter and documentary filmmaker who has earned accolades with her films and documentaries. She has written several films, including 'Oye Lucky, Lucky Oye' (2008) and 'I AM' (2010), both winners of the national film awards. Juvekar has worked with the

National Film Development Corporation (NFDC) as a consultant for Film Bazaar, and later as the head of development and production.

Pushpendra Singh is an award-winning filmmaker who graduated from FTII and later taught there. He is a visiting faculty at many film schools such as Satyajit Ray Film and Television Institute, Kolkata and Whistling Woods International, Mumbai. His film 'The Shepherdess and the seven songs' won him the award for best director at Hong Kong Film Festival and the Netpac Award at Jeonju Film Festival. His creativity and technical prowess has earned him acclaim across the globe .

Krishand RK is a celebrated filmmaker who has won multiple awards, including a national award and two Kerala state film awards. He also serves as an adjunct associate professor at IIT Bombay, of which he was an alumnus. His second film, ‘Aavasavyuham’ (2022), won multiple awards, including the FIPRESCI and Netpac at the International Film Festival of Kerala, 2022. He is well-known for blending folklore, mystery and science fiction with subtle yet hard-hitting political commentary.

**PRESS RELEASE (24.07.2024)**

## Six classics from the jury to hit the big screen at the 16th IDSFFK

Six films will be screened in the Jury section of the 16th edition of International Documentary and Short Film Festival of Kerala (IDSFFK) which will be held from July 26 to 31 at the Kairali Sree Nila theatre complex.

Among these, Rakesh Sharma’s ‘Final Solution’ (2004) stands out as a poignant interrogation of the politics of hate. This documentary about the horrible carnage that happened in Gujarat back in 2002 was initially banned in the country but later won the national film award in 2006. The film has been screened at over 120 film festivals and has won several awards globally.

‘Bhagavathykaavile Paapikal' (Sinners at the Goddess Abode) (2016), is a concise exploration of religion, socio-political shifts and deities, and unfolds as a captive goddess experiences a significant interaction with a police officer and an atheist political activist.The film is directed by Krishand R K, known for his award-winning feature film 'Aavasavyuham’.

Pushpendra Singh skillfully meshes together fiction and non-fiction in his hybrid documentary titled ‘Pearl of the Desert’ (2019). The film, through the tale of 12-year-old Moti who aspires to earn respect from the world through music, provides fascinating insights into the traditions and customs of people belonging to the Manganiar caste.

'Unlimited Girls' (2002), directed by Paromita Vohra, fearlessly examines women's pressures to lead double lives and conceal their feminist identities. The film, deftly edited by Jabeen Merchant, interweaves diverse women's stories. Through seamless transitions between intimate

personal narratives and broader societal themes, Merchant highlights how individual lives are interconnected with significant social forces.

Urmi Juvekar’s documentary ‘The Shillong Chamber Choir and The Little Home School’ (2008) tells the inspiring story of Neil Nongkynrih, a famous concert pianist who started a chamber choir in the hills of Shillong. This choir, a spiritual oasis for Nongkynrih amidst a materialistic world, has garnered international acclaim for its unique musical journey.

Lastly, ‘Kumar Talkies’ (2000) directed by Pankaj Rishi Kumar offers a piercing portrayal of the only theatre in Kalpi, a city in northern India. The film juxtaposes the reality of Kalpi, where poverty affects all facets of life, with the world of rebellion and romance on the silver screen.

**PRESS RELEASE (24.07.2024)**

## 34 documentaries to compete for awards at 16th IDSFFK

The 16th edition of the International Documentary and Short Film Festival (IDSFFK) is ready for a jumpstart at the Kairali Sree Nila theatre complex on July 26. This year, 34 films will compete for awards in the two categories of long and short documentaries.

Among the 12 films competing in the long documentary category are Nishtha Jain and Akash Basumataris’ film on the farmers’ protests titled ‘Farming the Revolution’ and Anand Patwardhan’s ‘Vasudhaiva Kutumbakam’ which films the oral histories of his family. Other films under in this section include ‘6-A Akash Ganga’ by Nirmal Chander Dandriyal; ‘Dolls Don't Die’ by Ranajit Ray; ‘Flickering Lights’ by Anupama Srinivasan and Anirban Dutta; ‘Four tales from book-Earth’ by Debankon Singh Solanky; ‘In Search of Ajantrik’ by Meghnath Bhattacharjee; ‘No City for Women’ by Rangan Chakravarty; ‘Parama: A Journey with Aparna Sen’ by Suman Ghosh; ‘Picturing Life’ by Harshil Bhanushali; ‘Prisoner No. 626710 is Present’ by Lalit Vachani; and ‘Slaves of the Empire’ by Rajesh James, which is the only Malayalam film in this category.
The short documentary category will see the screening of 22 films, with diverse themes including gender issues, discriminations based on caste and colour and biographical narratives of inspiring personalities across our vast country. Two Malayalam language films will be competing in this category. Other films include those in varied languages such as Hindi, Tamil, Bengali, Assamese, Gujarati, Marathi, Kannada, Nepali and French. All the films in the competition categories will be screened at the Kairali Sree Nila theatre complex.

**PRESS RELEASE (24.07.2024)**

## 30 films to compete under short fiction category at 16th IDSFFK

The 16th edition of the International Documentary and Short Film Festival (IDSFFK) is set to commence at the Kairali Sree Nila theatre complex on July 26th. Thirty films spread across various genres will compete for awards in the short fiction category.

The 30 films in the Competition Short Fiction category explore diverse themes such as gender issues, migrant labour etc. and fall under various genres like fantasy, dystopia and adventure. The category includes seven Malayalam films and two animated films. Other films include those in varied languages such as Hindi, Tamil, Bengali, Marathi, Kannada, Konkani and Punjabi.
All the films in the competition categories will be screened at the Kairali theatre.